ചിങ്ങം-1 മുതൽ കാർഷിക വിളകൾക്ക് പുതിയ ക്രോപ്പ് ഇൻഷ്വറൻസ് നൽകുകയാണ്. എല്ലാ വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്താനുള്ള നടപടികൾ പൂർണ്ണമായാൽ നമുക്ക് ഇരുനിൽനിന്നും കൂടുതൽ തുക ലഭിക്കാനുള്ള നടപടി ഉണ്ടാകും.

15. ബസ്സപകടം

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> സർ, എന്റെ നിയോജകമണ്ഡലമായ വള്ളിക്കുന്നിലെ അരിയല്ലൂർ ഗവൺമെന്റ് യു.പി. സ്കൂളിനുമുമ്പിൽവച്ച് ഇന്ന് രാവിലെ പത്ത് മണിക്ക് ഒരു ബസ്സപകടം ഉണ്ടായി. ആ ബസ്സപകടത്തിൽ രണ്ടുപേർ മരിച്ചിട്ടുണ്ട്. കൂടുതൽ മരണമുണ്ടാകാൻ സാദ്ധ്യതയുണ്ടെന്നാണ് മനസ്സിലായത്. ഇരുപത്തിരണ്ട് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിക്കേറ്റിട്ടുണ്ട്. അപകടം കണ്ടുനിന്ന കോൺഗ്രസ്സിന്റെ മണ്ഡലം പ്രസിഡന്റായിരുന്ന സത്യാനന്ദൻ ഹൃദയസ്തംഭനം മൂലം അവിടെ കുഴഞ്ഞുവീണ് മരിക്കുകയും ചെയ്തിട്ടുണ്ട്. ഈ അപകടത്തിന്റെ നിജസ്ഥിതി അന്വേഷിച്ച് ആവശ്യമായ സഹായ സഹകരണങ്ങൾ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ചെയ്യു തരണമെന്നഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും റവന്യുവകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ദൗർഭാഗ്യകരമായ ഒരു സംഭവമാണ് ഇന്നുരാവിലെ 9.10-ന് മലപ്പുറം പരപ്പനങ്ങാടി പോലീസ് സ്റ്റേഷൻ പരിസരത്തുള്ള വള്ളിക്കുന്ന് എന്ന സ്ഥലത്ത് ഉണ്ടായത്. ചാലിയത്ത്നിന്ന് പരപ്പനങ്ങാടിയിലേക്ക് പോകുകയായിരുന്ന അൽ-അമീൻ എന്ന പ്രൈവറ്റ് ബസ് ആക്സിൽ ഒടിഞ്ഞ് നിയന്ത്രണംവിട്ട് മറിഞ്ഞതിൽ ബസ്സിലെ യാത്രക്കാരായ രണ്ട് സ്ത്രീകൾ മരണപ്പെട്ടു. 18 യാത്രക്കാർക്ക് പരിക്കേറ്റു. രണ്ടുപേരുടെ നില ഗുരുതരമാണ്. അപകടം കണ്ടുനിന്ന സത്യാനന്ദൻ എന്ന വള്ളിക്കുന്ന് മണ്ഡലം പ്രസിഡന്റ് കുഴഞ്ഞുവീണ് തൽസ്ഥലത്തുതന്നെ മരിച്ചു. പരിക്കേറ്റവരെ കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്കും പരപ്പനങ്ങാടി എ.കെ.ജി. ആശുപത്രിയിലേയ്ക്കും കൊണ്ടുപോയതായി അറിയുന്നു. മലപ്പുറം എസ്.പി.യോടും ഉന്നത പോലീസു ദ്യോഗസ്ഥരോടും പ്രസ്തുത സ്ഥലം സന്ദർശിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപോലെ വൈദ്യ പരിശോധനകൾക്കും മറ്റ് സഹായങ്ങൾക്കും വേണ്ടിയുള്ള നടപടികളും ഗവൺമെന്റ് കൈക്കൊണ്ടുവരികയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇതിനെക്കുറിച്ച് സംസാരിച്ചുകഴിഞ്ഞു. കാര്യങ്ങൾ അന്വേഷിക്കുന്നതിനും മറ്റ് നടപടികൾ എടുക്കുന്നതിനുമായി ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡിപ്പാർട്ടുമെന്റലായി ചെയ്യാൻ കഴിയുന്ന എല്ലാ സഹായങ്ങളും ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly